ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള റ്റി.പി.എ. 3994–ാം നമ്പർ അക്കൗണ്ടിലാണ് സർക്കാർ സമാഹരിച്ച തുക നിക്ഷേപിച്ചിട്ടുള്ളത്. ടി അക്കൗണ്ടിൽ ഇപ്പോൾ 9,14,89,918 രൂപ നീക്കിയിരിപ്പുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഗുജറാത്ത് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുനർനിർമ്മാണത്തിനായി ഈ ഫണ്ടിൽനിന്നും ഇതുവരെ മൂന്നു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മുക്കം ആസ്ഥാനമായി ട്രഷറി സ്ഥാപിക്കൽ

49 [986] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ മുക്കം ആസ്ഥാനമായി ഒരു ട്രഷറി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടവും ഫർണിച്ചറും മറ്റനുബന്ധ സൗകര്യങ്ങളും സൗജന്യമായി നൽകാൻ പഞ്ചായത്ത് ഭരണസമിതികളും മറ്റു സാമൂഹ്യസംഘടനകളും തയ്യാറായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി മുക്കത്ത് ട്രഷറി അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) വിശദമായി ഇക്കാര്യം പരിശോധിച്ച്, ആവർത്തനച്ചെലവ് വരുമെന്നതിനാൽ തൽക്കാലം പരിഗണിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി മുഖേന ഉപജീവനം കണ്ടെത്തുന്നവർ

50 [987] *ശ്രീ. പി. നാരായണൻ:*

„ *പി. എസ്. സുപാൽ:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഭാഗ്യക്കുറികൾ മുഖേന എത്രപേർ നേരിട്ടും അല്ലാതെയുമായി ഉപജീവനം നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഭാഗ്യക്കുറികൾ വീണ്ടും ആരംഭിച്ചത് എന്നുമുതലാണെന്നും സമ്മാന ഘടനകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 2005 ജൂൺ വരെ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള 3,620 ഏജന്റുമാർ ഉണ്ട്. ഈ ഏജന്റുമാരുടെ കീഴിൽ സബ് ഏജന്റുമാരും വിൽപ്പനക്കാരുമടങ്ങുന്ന ഒരു ശൃംഖലയുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) 20-4-2005-ൽ സംസ്ഥാനത്ത് ഭാഗ്യക്കുറികൾ പുനരാരംഭിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ആദ്യ നറുക്കെടുപ്പ് 10-5-2005-ന് നടത്തി. പഴയ സമ്മാന ഘടനയനുസരിച്ചാണ് നടപ്പിലാക്കിയത് എങ്കിലും കൈരളി ഭാഗ്യക്കുറിയുടെ സമ്മാന ഘടന ഒന്നാം സമ്മാനം 20 ലക്ഷം രൂപയും, രണ്ടാം സമ്മാനം ഒരു ലക്ഷം രൂപ വീതം 3 പേർക്കും, മൂന്നാം സമ്മാനം അരലക്ഷം രൂപ വീതം 3 പേർക്കും എന്നിങ്ങനെയും മാറ്റങ്ങൾ വരുത്തി. പുതുക്കിയ ഘടന അനുസരിച്ച് 1-7-2005-ൽ നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ അന്യസംസ്ഥാന ലോട്ടറികൾ

51 [988] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി നിരോധനം പിൻവലിച്ചതിനുശേഷം, അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലെ ലോട്ടറികളാണ് സംസ്ഥാനത്ത് ഇപ്പോൾ വിപണനം നടത്തുന്നതെന്നും, എത്ര രൂപ ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ലോട്ടറി നിരോധനം പിൻവലിച്ചതിനുശേഷം, അനധികൃതമായി വിപണനം നടത്തിയ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പിടിച്ചെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. വിശദമായ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി 14 റെയ്ഡുകൾ നടത്തുകയും പാലക്കാട് ജില്ലയിൽനിന്ന് 8 അനധികൃത ലോട്ടറികളുടെ ടിക്കറ്റുകളും 24,752, 29,273 രൂപയും പിടിച്ചെടുക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly